## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2697 — 06.11.2019 -ൽ മറുപടിയ്ക്ക്

### തൃപ്പൂണിത്തുറയിലെ പരമ്പരാഗത കലാരൂപങ്ങളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. സ്വരാജ് :** | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) തൃപ്പൂണിത്തുറയിൽ നിലനിൽക്കുന്ന ഒട്ടേറെ പരമ്പരാഗത പൗരാണിക കലാരൂപങ്ങൾ, സംഗീതം നൃത്തരൂപങ്ങൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പ്രയോജനപ്പെടുന്ന തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നത് പരിഗണിക്കുമോ;<br><br>ബി) ഇവയുടെ പ്രോത്സാഹനത്തിനായി സാംസ്കാരിക വകുപ്പ് മുഖേന പ്രതിമാസം പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | എ) & ബി) ഇപ്രകാരം ഒരു പദ്ധതി നടപ്പിലാക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ സാംസ്കാരിക വകുപ്പ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൻ കീഴിൽ വിന്യസിച്ചിട്ടുള്ള കലാകാരൻമാർ മുഖേന നടപ്പിലാക്കുന്ന കലാപരിശീലനം വഴി തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ ആറു കേന്ദ്രങ്ങളിലായി വായ്പ്പാട്ട്, പെയിന്റിംഗ്, വീണ, പ്രായോഗിക കല എന്നിവ പരിശീലിപ്പിച്ച് വരുന്നു. നിശ്ചിത ഇടവേളകളിൽ കലാപരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**